**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6541** **20-03-2023 - ൽ മറുപടിയ്ക്ക്**

**പ്രതീക്ഷ ഭവന സമുച്ചയത്തിന്റെ നിർമ്മാണ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ച് നൽകിയ പ്രതീക്ഷ ഭവന സമുച്ചയത്തിന്റെ നിർമ്മാണ കരാറിൽ ഫ്ലാറ്റുകളുടെ അറ്റകുറ്റപ്പണികളും പരിപാലനവും സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഫിഷറീസ് വകുപ്പും ഗുണഭോക്താവും തമ്മിലുള്ള കരാർ പ്രകാരം ഫ്ലാറ്റ് സംബന്ധിച്ച് എല്ലാവിധ നികുതികളും, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം തുടങ്ങിയവ ഗുണഭോക്താവ് തന്നെ ഒടുക്കേണ്ടതും, ഫ്ലാറ്റും പരിസരവും എല്ലായ്പ്പോഴും ശുചിയായി സൂക്ഷിക്കേണ്ടതും, ജൈവ ഖര മാലിന്യ സംസ്കരണത്തിനായുള്ള മാർഗ്ഗങ്ങൾ സ്വന്തമായി കണ്ടെത്തേണ്ടതും, ഫ്ലാറ്റിൽ നിന്നും യാതൊരുവിധ മാലിന്യങ്ങളും പുറത്തേയ്ക്ക് വലിച്ചെറിയാൻ പാടില്ലാത്തതും ഫ്ലാറ്റിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം ഗുണഭോക്താവ് സ്വന്തം ചെലവിൽ കൈവശം വന്ന തീയതി മുതൽ നിർവ്വഹിക്കേണ്ടതുമാണ്.<br><br>തിരുവനന്തപുരം മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ച് നൽകിയ പ്രതീക്ഷ ഭവന സമുച്ചയത്തിന്റെ നിർമ്മാണ കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള ജി.ഒ. (എം.എസ്) നമ്പർ 73/2013/ പിഡബ്ല്യുഡി തീയതി 31/08/2013 പ്രകാരം ബാധ്യതാ കാലയളവായ 3 വർഷത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികളിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ പരിഹരിക്കേണ്ടത് കരാറുകാരന്റെ ബാധ്യതയാണ്. |
| (ബി) | നിർമ്മാണം പൂർത്തീകരിച്ച് അഞ്ച് വർഷം തികയുന്നതിന് മുൻപ് നിരവധി പ്രശ്നങ്ങൾ ഉണ്ടായതിനെത്തുടർന്ന് ഫ്ലാറ്റ് സമുച്ചയം വാസയോഗ്യമല്ലാതായി തീർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം മുട്ടത്തറയിൽ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയ 192 വ്യക്തിഗത ഫ്ലാറ്റുകളിൽ വളരെക്കുറച്ച് ഫ്ലാറ്റുകൾക്ക് ചെറിയ അപാകതകൾ കണ്ടെത്തിയിരുന്നു. ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നിർമ്മാണ കമ്പനിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- |

| | | | |
|---|---|---|---|
| | | | ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടന്നു വരുന്നു. |
| (സി) | നിർമ്മാണ കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് കരാറിൽ വ്യവസ്ഥ ഉണ്ടോ; എങ്കിൽ ഇതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ബാധ്യതാ കാലയളവായ 3 വർഷത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികളിൽ ഉണ്ടാകുന്ന അപാകതകൾ കരാറുകാരൻ സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിർവ്വഹണ ഏജൻസി മുഖേന അപാകതകൾ പരിഹരിക്കുകയും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ തുക ഈടാക്കാവുന്നതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ